ശ്രീ. പി. കെ അബ്ദു റബ്ബ് : സർ, അതാണ് ഞാൻ നേരത്തെ പറഞ്ഞത്. അങ്ങനെയൊരു നിയമം കൊണ്ടുവന്നാൽ മാത്രമേ യൂണിവേഴ്സിറ്റികളുടെ ഭരണ സംവിധാനത്തിൽ ഒരു ഏകോപനവും പ്രവർത്തനത്തിൽ ഒരു യൂണിഫൈഡ് സിസ്റ്റവും ഉണ്ടാക്കാൻ കഴിയുള്ളൂ. അതിനെപ്പറ്റി വളരെ ഗൗരവമായിത്തന്നെ ആലോചിക്കുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഗ്രന്ഥശാലകളുടെ രജിസ്ട്രേഷൻ

4 (T*664) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രന്ഥശാലകളുടെ രജിസ്ട്രേഷൻ എവിടെയാണ് നടത്തേണ്ടതെന്ന് അറിയിക്കുമോ ;

(ബി) ഗ്രന്ഥശാലകൾ രജിസ്റ്റർ ചെയ്യുന്നതിനുവേണ്ട യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) രജിസ്ട്രേഷൻ നടപടികൾ എന്തെല്ലാമാണ് ;

(ഡി) ഗ്രന്ഥശാലകളെ പ്രോത്സാഹിപ്പിക്കുന്നതിന് അനുവദിച്ചിട്ടുള്ള സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) :

(എ) ഗ്രന്ഥശാലകളുടെ രജിസ്ട്രേഷൻ നടത്തേണ്ടത് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലാണ്. ഇതിനുള്ള അപേക്ഷകൾ താലൂക്ക് ലൈബ്രറി കൗൺസിലിലാണ് സമർപ്പിക്കേണ്ടത്.

(ബി) ഗ്രന്ഥശാലകൾ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ രജിസ്റ്റർ ചെയ്യുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് ഒരു വർഷം പ്രവർത്തിച്ചിരിക്കണം. പുസ്തകം 1000 എണ്ണം ഉണ്ടാവണം. അവയുടെ മൂല്യവില 5000 കുറയരുത്. പുസ്തകവിതരണം ഒരു വർഷം 2000 എണ്ണവും വേണം. അംഗങ്ങൾ 50 പേർ ഉണ്ടാവണം. ലൈബ്രറി പ്രവർത്തിപ്പിക്കുന്നതിന് 15 ചതുരശ്രമീറ്ററിൽ കുറയാത്ത കെട്ടിടം സ്വന്തമായോ വാടകയ്ക്കോ ഉണ്ടായിരിക്കണം. മൂന്ന് ദിനപത്രങ്ങളും ആറ് ആനുകാലികങ്ങളും വരുത്തേണ്ടതാണ്. ദൈനംദിന പ്രവർത്തനങ്ങൾക്ക് ലൈബ്രേറിയൻ ഉണ്ടാവണം. 11 പേരിൽ അധികരിക്കാത്ത ജനകീയ കമ്മിറ്റി ഉണ്ടാവണം. അതിൽ എസ്.സി., വനിതാ സംവരണം ഉണ്ടായിരിക്കണം. അംഗഗ്രന്ഥശാലയിൽ നിന്നും 2 കി.മീ. അകലം ഉണ്ടായിരിക്കണം.

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY- ARCHIVES Kerala Legislative Assembly

(സി) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽനിന്നും മാതൃകാ നിയമാവലിയും അപേക്ഷയും മുന്ന് കോപ്പിവാങ്ങി ലൈബ്രറി പൊതുയോഗം അംഗീകരിച്ച് 100 രൂപ അഫിലിയേഷൻ ഫീസ് അടച്ച് താലൂക്ക് ലൈബ്രറി കൗൺസിലിന് നൽകണം.

(ഡി) അംഗ ഗ്രന്ഥശാലകൾക്ക് വാർഷിക ഗ്രാന്റും ലൈബ്രേറിയന്മാർക്ക് അലവൻസും നൽകുന്നു. സ്വന്തമായി സ്ഥലമുള്ള ലൈബ്രറികൾക്ക് കെട്ടിട ഗ്രാന്റ് അനുവദിക്കുന്നു. വിവിധ പദ്ധതി-പദ്ധതിയേതരപ്രവർത്തനങ്ങളും ഗ്രന്ഥശാലകളിൽ നടപ്പിലാക്കുന്നതിന് സഹായം നൽകുന്നു.

## ഓപ്പൺ സ്കൂൾ പുനഃസംഘടന

6 (*665) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. ദാസൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പൺ സ്കൂൾ പുനഃസംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) പുനഃസംഘടനയ്ക്കുള്ള തീരുമാനം ഏത് തലത്തിലാണ് കൈക്കൊണ്ടിട്ടുള്ളത് ; ഇതിന് അനുമതിയുണ്ടോ ;

(സി) ഓപ്പൺ സ്കൂളിന് നിലവിൽ മേഖലാ ഓഫീസുകൾ എവിടെയെല്ലാമാണ് ;

(ഡി) ഓപ്പൺ സ്കൂളിന്റെ ആസ്ഥാനം തിരുവനന്തപുരത്തുനിന്നും മാറ്റുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ "സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോംഗ് എഡ്യൂക്കേഷൻ, കേരള (സ്കോൾ കേരള)" എന്ന ഒരു സ്വതന്ത്ര സ്ഥാപനമാക്കി മാറ്റാനായി സർക്കാർ 2010-ൽ തീരുമാനിച്ചിട്ടുണ്ട്. അതിനു ശേഷം സർക്കാർ MOA അംഗീകരിച്ചുകൊണ്ട് ഉത്തരവായി. തുടർന്നുള്ള എസ്.സി.ഇ.ആർ.ടി ഗവേണിംഗ് ബോഡി MOA പുനഃപരിശോധിക്കാനായി ഒരു സബ് കമ്മിറ്റിയെ നിയോഗിച്ചു. സബ് കമ്മിറ്റി MOA പരിശോധിച്ച ശേഷം ചില വ്യവസ്ഥകളിൽ ഭേദഗതി വരുത്തണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനായി പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.



LIBRARY ARCHIVES Kerala Legislative Assembly